New movie Release - TB Movie Panel Review

"സൂററൈ പോട്രു "

സമ്പന്നൻ എന്നും കൂടുതൽ സമ്പന്നൻ ആയികൊണ്ടേ ഇരിക്കും... ദരിദ്രൻ അവന്റെ ദാരിദ്ര്യത്തിലും ജീവിതം ജീവിച്ചു തീർക്കും...പല സുഖസൗകര്യങ്ങളും സന്തോഷങ്ങളും സമ്പന്നന് മാത്രം വിധിച്ചിച്ചിട്ടുള്ളതാണ്... എന്തിന് ഇന്ന് വളരെ പ്രചാരത്തിൽ ഉള്ള പല ഭക്ഷ്യ വിഭവങ്ങൾ പോലും സാധാരണക്കാരനും അവന്റെ കുട്ടികൾക്കും സ്വപ്നം കാണാൻ മാത്രമേ അവകാശം ഉള്ളു... എന്തിന് ഒരുപാട് ദൂരേയ്ക്ക് പോകണം... ഒരു ചെറിയ പാവയ്ക്കാ വലിപ്പത്തിലുള്ള നമ്മുടെ കേരളത്തിലെ മെട്രോ നഗരം ആയ കൊച്ചിയിലെ മെട്രോ ട്രെയിനിൽ ഒന്നു കയറാൻ കഴിയാതെ ദൂരെ നിന്നും കാണുന്ന എത്ര ആളുകളെ നമുക്ക് കാണാൻ കഴിയും ആ നഗരത്തിന്റെ പല കോണുകളിലായി..ഒരു നല്ല വസ്ത്രം ധരിക്കാൻ പോലും ആവതില്ലാത്ത എത്രയോ ആളുകൾ ഉണ്ട് നമുക്കിടയിൽ..എല്ലാവർക്കുംവാങ്ങാൻ കഴിയുന്ന ഒരു കാർ വാങ്ങാൻ പോലും പലരും മടിക്കും... " അവന്റെ കൈയിൽ വരെ ഉണ്ട് ആ കാർ.. ഇനി നമുക്കത് വേണ്ട ...അതിന്റെ വില പോയി "... എന്ന് ചിന്തിക്കുന്ന ഒരുപാട് പേരെ നമുക്ക് ചുറ്റും കാണാം.. സാമ്പത്തികമായും ജാതീയമായും സാമൂഹികമായും തരം താഴ്ത്തി വയ്ക്കപ്പെട്ടിരിക്കുന്ന ഒരു വിഭാഗത്തിന് സമൂഹം കല്പ്പിച്ചു കൊടുത്തിരിക്കുന്ന ഒരു ജീവിതം ഉണ്ട്... ആ ജീവിതം എങ്ങനെ എങ്കിലും ജീവിച്ചു തീർത്തോളണം... അതാണ് നമ്മുടെ ലോകം..

സൂററൈ പോട്രു നമ്മളോട് സംസാരിക്കുവാൻ ശ്രമിക്കുന്നതും അടിസ്ഥാനപരമായി ഇതൊക്കെ തന്നെയാണ്.. 7 വർഷം മണിരത്നത്തിന്റെ സഹായി ആയിരുന്ന, ഇരുതി സുട്രു എന്ന ചിത്രത്തിലൂടെ മികച്ച സംവിധായിക എന്ന് പേരെടുത്ത സുധ കൊങ്ങര ആണ് ചിത്രം സംവിധാനംചെയ്തിരിക്കുന്നത്..
ശാലിനി ഉഷദേവി, ആലിഫ് സുർതി ഗണേശാ എന്നിവർ ആണ് സംവിധായികയ്ക്കു ഒപ്പം ചേർന്ന് തിരക്കഥ രചിച്ചിരിക്കുന്നത്.. ഉറിയടി എന്ന ചിത്രത്തിലൂടെ പ്രശസ്തനായ വിജയകുമാർ ആണ് സംഭാഷണങ്ങൾ ഒരുക്കിയിരിക്കുന്നത്...

റിട്ടയേർഡ് എയർഫോഴ്സ് ക്യാപ്റ്റനും സിംപ്ലിഫൈ ഡെക്കാൻ അഥവാ ഡെക്കാൻ എയർവേസ് എന്ന എയർലൈൻസിന്റെ സ്ഥാപകനും ആയ ജി ആർ ഗോപിനാഥിന്റെ ജീവിതത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടാണ് ഈ ചിത്രം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്..
ഏവിയേഷനിൽ ഉള്ള തന്റെ പരിചയ സമ്പത്ത് ഉപയോഗിച്ചു അദ്ദേഹം തുടങ്ങിയ വിമാന സർവീസ് ആണ് സാധാരണക്കാരനും വിമാന യാത്ര ചെയ്യാനുള്ള സാഹചര്യം ഒരുക്കിയത്.. സർവീസ് തുടങ്ങി കുറഞ്ഞ കാലത്തിനുള്ളിൽ തന്നെ യാത്രക്കാരുടെ എണ്ണത്തിൽ ഇന്ത്യയിലെ രണ്ടാം സ്ഥാനം നേടി എടുത്തു എയർ ഡെക്കാൻ... പക്ഷെ ക്രമേണ കടങ്ങൾ മൂലം

കിങ്ഫിഷർ എയർ ലൈൻസിൽ ലയിപ്പിക്കേണ്ടി വന്നു ക്യാപ്റ്റന് തന്റെ സ്വപ്ന സാക്ഷാത്കാരമായ എയർ ഡെക്കാൻ... ഇതിന്റെ ചുവടു പിടിച്ചു പിന്നീട് സ്പൈസ്ജെറ്റ്, ഗോ എയർ, ഇൻഡിഗോ തുടങ്ങിയ കമ്പനികൾ കുറഞ്ഞ നിരക്കിൽ വിമാന സർവീസ് സാധ്യമാക്കിയതോടെ ഇന്ന് സാധാരണക്കാരനും വിമാന യാത്ര ചെയ്യാൻ ഉള്ള സാഹചര്യം ഉണ്ടായി..

യഥാർത്ഥ ജീവിതത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടുള്ള രചന ആയതു കൊണ്ട് തന്നെ പ്രവചനീയം ആണ് പലപ്പോഴും എങ്കിലും പ്രേക്ഷകനെ മുഷിപ്പിക്കാതെ മുന്നോട്ടു പോകുന്നുണ്ട് ചിത്രം..

എയർഫോഴ്സിലെ ജോലി ഉപേക്ഷിച്ചു വരുന്ന മാരനും സുഹൃത്തുക്കളും ചേർന്ന് സാധാരണ ക്കാരന് പ്രാപ്യമാകുന്ന കുറഞ്ഞ നിരക്കിൽ ഒരു എയർവേസ് ആരംഭിക്കാൻ നടത്തുന്ന ശ്രമങ്ങളും അവരുടെ സ്വപ്ന സഫലീകരണത്തിലേക്കുള്ള യാത്രയിൽ ഉടനീളം ചെറുതും വലുതും ആയ പ്രതിസന്ധികളും അതിനൊക്കെ ഒക്കെ തരണം ചെയ്ത് അവർ ആ ശ്രമത്തിൽ വിജയിക്കുമോ എന്നുള്ള ആകാംക്ഷയും ആണ് ചിത്രം...

മാരൻ ആയി എത്തുന്നത് സൂര്യ ആണ്... സൂര്യയുടെ കരിയറിലെ തന്നെ ഏറ്റവും മികച്ച പ്രകടങ്ങളിൽ ഒന്ന് കൊണ്ട് മാരനെ അദ്ദേഹം അതിമനോഹരം ആക്കി... മാരന്റെ ജീവിതത്തിന്റെ പലഘട്ടങ്ങളിലെ ശാരീരികവും മാനസികവും സാമൂഹികവും ആയ അവസ്ഥകളെ അനായാസകരവും അതിശയകരവുമായി സൂര്യ അവതരിപ്പിച്ചിട്ടുണ്ട്... ഒരു പക്ഷെ വാരണം ആയിരം എന്ന ചിത്രത്തിന് ശേഷമുള്ള ഒരു മാസ്മരിക പ്രകടനം.. യുവാവായ മാരനും അച്ഛനും തമ്മിലുള്ള വൈകാരികമായ ഒരു രംഗം, കാലങ്ങൾക്കു ശേഷം ജീവിതത്തിലെ ഒരു പ്രധാനഘട്ടത്തിൽ തിരികെ നാട്ടിലേക്ക് വരാനായി എയർപോർട്ടിൽ എത്തുന്ന രംഗം, തിരികെ വീട്ടിൽ എത്തിയ മാരനും അമ്മയും തമ്മിലുള്ള അതിവൈകാരികമായ രംഗങ്ങൾ, ഭാര്യ ബൊമ്മിയും ആയി നിരാശയും ദേഷ്യവും സന്തോഷവും സങ്കടവും ഒക്കെ പങ്കിടുന്ന രംഗങ്ങൾ അങ്ങനെ അതിശയിപ്പിക്കുന്ന ഒരുപാട് രംഗങ്ങൾ ചിത്രത്തിന്റെ ഹൈലൈറ്റ് ആണ്..

പുത്തൻ പുതു കാലൈ എന്ന ചിത്രത്തിന്റെ ഭാഗമായി സുധ കൊങ്ങരയുടെ തന്നെ സംവിധാനത്തിൽ ഒരുങ്ങിയ ഇളമൈ ഇതോ ഇതോ എന്നുള്ള ചെറു ചിത്രത്തിലെ മികച്ച പ്രകടനത്തിന്റെ തുടർച്ച എന്നോണം ഉർവശി അതി മനോഹരമാക്കി മാരന്റെ അമ്മയുടെ കഥാപാത്രം... വർഷങ്ങൾ ഇത്ര കഴിഞ്ഞിട്ടും നല്ല പത്തര മാറ്റ് തിളക്കം ഉണ്ട് ഉർവശിയുടെ പ്രകടനത്തിന്.. മാരനെ മാനസികമായും സാമ്പത്തികമായും ഒക്കെ പിന്തുണയ്ക്കുന്ന, സ്വന്തം കാലിൽ നിൽക്കാൻ തന്റേടവും മനസിന് ആർദ്രതയും ഉള്ള, മാരന്റെ സ്വന്തം സുന്ദരി ആയി എത്തുന്നത് മലയാളത്തിന്റെ സ്വന്തം അപർണ ബാലമുരളി ആണ്... അപർണയുടെ ഏറ്റവും മികച്ച പ്രകടനം എന്ന് നിസംശയം പറയാം..

മാരന്റെ സ്വപ്നങ്ങൾക്ക് വിലങ്ങു തടിയായി നിൽക്കുന്ന "ജാസ് എയർവേസിന്റെ " ഉടമ പരേഷ് ഗോസ്വാമി ആയി എത്തിയ പരേഷ് രാവലിന്റെ പ്രകടനവും നന്നായി.. പലപ്പോഴും പ്രേക്ഷകനെ അസ്വസ്ഥനാകാൻ പരേഷ് ഗോസ്വാമിയുടെ സ്വാർത്ഥതയ്ക്കും അഹങ്കാരത്തിനും കഴിയുന്നുണ്ട്..

നികേത് ബൊമ്മിറെഡ്ഢി ആണ് ഛായാഗ്രഹണം കൈകാര്യം ചെയ്തിരിക്കുന്നത്.. ജി വി പ്രകാശ്കുമാർ ഒരുക്കിയ ഗാനങ്ങൾ കഥാപശ്ചാത്തലവുമായി ചേർന്ന് നിൽക്കുന്നവയാണ്...

ചിത്രത്തിന്റെ ഏറ്റവും വലിയ പ്രത്യേകത സുധ കൊങ്ങര എന്നൊരു സ്ത്രീ ആണ് അതിന്റെ അമരത്തുള്ളത് എന്നത് തന്നെ ആണ്... പുരുഷകേസരികൾ പതിറ്റാണ്ടുകളായി അടക്കി വാഴുന്ന സിനിമാലോകത്ത് ഒരു സ്ത്രീ ഒരുക്കിയ ഈ ചിത്രം ചർച്ചയാവുന്നു എന്നത് സമീപകാലഘട്ടത്തിൽ മറ്റെല്ലാ മേഖലയിലും എന്നപോലെ സിനിമയിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന നല്ല മാറ്റങ്ങളുടെ ഏറ്റവും പുതിയ ഉദാഹരണം ആണ്..

സൂര്യയുടെ 2ഡി എന്റർടൈൻമെൻറ്സും സിഖിയ എന്റർടൈൻമെൻറ്സും ചേർന്ന് നിർമിച്ച ചിത്രം ആമസോൺ പ്രൈം ആണ് ദീപാവലി റിലീസ് ആയി പ്രേക്ഷകന് മുൻപിൽ എത്തിച്ചിരിക്കുന്നത്...നല്ലൊരു ചിത്രം കാണാൻ കഴിഞ്ഞതിന്റെ സംതൃപ്തി പ്രേക്ഷകന് ലഭിക്കുമെങ്കിലും തീയേറ്ററിലെ ഇരുട്ടിൽ വലിയ തിരശീലയിൽ ലഭിക്കേണ്ടിയിരുന്ന മികച്ച ഒരു സിനിമഅനുഭവം നഷ്ടം ആയതിന്റെ നിരാശ തീർച്ചയായും ഏതൊരു സിനിമ സ്നേഹിക്കും ഉണ്ടാവും..